"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കൊല്ലം ജില്ലയിലെ പനയം ഗ്രാമ പഞ്ചായത്ത് ഓഫീസിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി മൃണാളിനി മഞ്ജു . ആർ- ന്റെ സീനിയർ ക്ലർക്ക് തസ്തികയിലെ ശൂന്യവേതനാവധി ക്രമവൽക്കരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.217/2025/LSGD തീയതി,തിരുവനന്തപുരം, 21-01-2025

---

പരാമർശം:- 1. 14/06/1994 ലെ സർക്കുലർ നം. 36/94/ധന

2. ശ്രീമതി.മൃണാളിനി മഞ്ജു സമർപ്പിച്ച 25.09.2022ലെ അവധി അപേക്ഷ

3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.07.2024ലെ LSGD/PD/1105/2023-DEC1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ പനയം ഗ്രാമ പഞ്ചായത്ത് ഓഫീസിലെ അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീമതി മൃണാളിനി മഞ്ജു.സി.ആർ, സീനിയർ ക്ലാർക്ക് തസ്തികയിൽ പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജോലി നോക്കിയ കാലയളവിലെടുത്ത 16.02.2007 മുതൽ 27.06.2008 വരെയായുള്ള ശൂന്യവേതനാവധി മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ക്രമീകരിക്കുന്നതിനായി അനുബന്ധ രേഖകൾ സഹിതം പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സഹിതം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി അപേക്ഷകൾ രണ്ടാം വൈദ്യ പരിശോധനയ്ക്ക് അവസരം നഷ്ടമാകാത്ത വിധം സമർപ്പിക്കേണ്ടതാണെന്ന് പരാമർശം (1) സർക്കുലർ വ്യവസ്ഥകൾ പ്രകാരം നിഷ്കർഷിച്ചിരിക്കുന്നു. ശ്രീമതി മൃണാളിനി മഞ്ജു.സി.ആർ-ന്റെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി അപേക്ഷ അവധി കാലയളവ് കഴിഞ്ഞാണ് സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്നത് എന്നതിനാൽ പ്രസ്തുത മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സാധുത ഇനി പരിശോധിക്കാൻ സാധ്യമല്ലാത്തതും രണ്ടാം വൈദ്യ പരിശോധനയ്ക്കുള്ള അവസരം നഷ്ടമായിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ, പനയം ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി മൃണാളിനി മഞ്ജു സി ആർ-ന്റെ, ടിയാൾ പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനത്തിലിരുന്ന കാലയളവിലെ 16/02/2007 മുതൽ 27/06/2008 വരെയായുള്ള അവധി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം 1, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി ആയി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം /തൃശ്ശൂർ
3.ജില്ലാ ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , പാലക്കാട്/കൊല്ലം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി, പനയം /വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീമതി.മൃണാളിനി മഞ്ചു , അസിസ്റ്റന്റ് സെക്രട്ടറി , പനയം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ധനകാര്യ വകുപ്പ് (30.12.2024 ലെ e-2968579/ഡെവ-1/208/2024-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)
7.ഡയറക്ടർ . ഐ കെ എം
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9.കരുതൽ ഫയൽ (ഫയൽ നം.157/ഇപിഎ1/2024 എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 21-01-2025 15:52:53
സെക്ഷൻ ഓഫീസർ